# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5158 | 22.05.2017 -ലെ മറുപടി

**കുഴൽക്കിണർ നിർമ്മാണം**

| **ചോദ്യം**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ** | | **മറുപടി**<br>മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | നിലവിൽ 40 വർഷത്തോളം പഴക്കമുള്ള സാങ്കേതിക വിദ്യയും ഉപകരണങ്ങളുമാണ് ട്യൂബ് വെൽ നിർമ്മാണത്തിന് സംസ്ഥാനത്ത് പ്രത്യേകിച്ച് കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഉപയോഗിക്കുന്നത് എന്നതിനാൽ ഇവ മാറ്റി ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും ഉപയോഗിക്കുവാൻ ശ്രമിക്കുമോ; | എ) | 40 വർഷം പഴക്കമുള്ള ഉപകരണങ്ങളോടൊപ്പം പുതിയ ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട് |
| ബി) | ഉപകരണങ്ങൾ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന പഴയ ട്രക്ക് ടൈപ്പ് വണ്ടി മാറ്റി ചെറിയതും കപ്പാസിറ്റിയുള്ളതുമായ വാഹനങ്ങൾ വാങ്ങുവാൻ ശ്രമിക്കുമോ; | ബി) | ചെറിയതും കപ്പാസിറ്റിയുള്ളതുമായ വാഹനങ്ങളാണ് പുതിയതായി വാങ്ങുന്നത്. |
| സി) | കുഴൽക്കിണറുകൾ കുഴിക്കുന്നതിന് മെയ് 21 വരെയുള്ള നിയന്ത്രണം നീട്ടിനൽകുവാൻ സാധ്യതയുണ്ടോ; | സി) | നിയന്ത്രണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് ദുരന്തനിവാരണ അതോറിറ്റിയാണ്. |
| ഡി) | സ്വകാര്യ കുഴൽക്കിണറുകൾ കുഴിക്കുന്നവരെ നിയന്ത്രിക്കുവാൻ നിയമങ്ങൾ നിലവിലുണ്ടോ; | ഡി) | പ്രാദേശിക ജലലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രം N.O.C. നൽകുന്നത് വഴി നിയന്ത്രിച്ചിട്ടുണ്ട് |
| ഇ) | നിരവധി ഉപകരണങ്ങൾ വന്നിട്ടും 1983 -ൽ നിലവിൽ വന്ന കൊല്ലം ജില്ലയിലെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫ് പാറ്റേണിൽ മാറ്റം ഉണ്ടാകാത്ത വിഷയം പരിഹരിക്കുമോ; | ഇ) | ഭൂജല വകുപ്പ് ഡയറക്ടർ പരിശോധിച്ച് വരുന്നു |
| എഫ്) | ചെറുകിട കുടിവെള്ള പദ്ധതികളുള്ള ഏജൻസി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റായിരിക്കെ, ഡിപ്പാർട്ട്മെന്റ് പഞ്ചായത്തുകൾക്ക് കൈമാറുന്ന | എഫ്) | ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്. |

| | | | |
|---|---|---|---|
| | പദ്ധതികൾ പലതും മുടങ്ങിക്കിടക്കുകയോ ഉപയോഗ ശൂന്യമായിപ്പോവുകയോ ചെയ്യുന്ന സാഹചര്യത്തിൽ പഞ്ചായത്തിന് ചെറുകിട കുടിവെള്ള പദ്ധതി സംരക്ഷണത്തിനും പരിപാലനത്തിനും പ്രത്യേക ഫണ്ട് അനുവദിക്കുമോ; | | |
| ജി) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലെ ദിവസവേതന ജീവനക്കാരുടെ നിലവിലെ (396 രൂപ ) ശമ്പളം വർദ്ധിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ? | ജി) | നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ